# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5326 — 26.03.2018 -ലെ മറുപടിയ്ക്ക്

**ഫലപ്രഖ്യാപനം നീളുന്നതിൽ കുട്ടികൾക്ക് മാനസിക സംഘർഷം**

| ചോദ്യം<br>ശ്രീ. വി. ടി. ബൽറാം<br>,, വി. പി. സജീന്ദ്രൻ | ഉത്തരം<br>പ്രൊഫ. സി രവീന്ദ്രനാഥ്<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| സർവ്വകലാശാലകൾ നടത്തുന്ന പരീക്ഷകളുടെ ഫലപ്രഖ്യാപനം അനന്തമായി നീളുന്നത് കുട്ടികളിൽ കടുത്ത മാനസിക സംഘർഷം ഉളവാക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | ബിരുദ തലത്തിൽ സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടായിട്ടുള്ള പരീക്ഷകളുടെ ആധിക്യവും അതിനനുസരിച്ച ലഭ്യമാക്കേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും കാരണം നിശ്ചിത പരീക്ഷാകലണ്ടർ പ്രകാരം ഫലപ്രഖ്യാപനം പൂർണ്ണ തോതിൽ നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് ലഭിച്ച പരാതികളെല്ലാം സർവ്വകലാശാലകൾക്ക് അയച്ചുകൊടുത്തു സമയബന്ധിതമായി നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. അടുത്ത അക്കാദമിക വർഷം മുതൽ ബിരുദ പ്രവേശനം മുതൽ പരീക്ഷാഫലപ്രഖ്യാപനം വരെയുള്ള പ്രവർത്തനങ്ങൾ പൊതു അക്കാദമിക് കലണ്ടറിന്റെ അടിസ്ഥാനത്തിൽ ഏകോപിപ്പിക്കുന്നതിനു സർവകലാശാലകളെയും കോളേജ് -സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റുകളെയും ഉൾപ്പെടുത്തികൊണ്ടുള്ള സമഗ്രമായ ഇ-ഗവേണൻസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ